**K16U 0040**

Reg. No.: ..............................

Name : ..............................

BRENNEN COLLEGE LIBRARY THALASSERY

**VI Semester B.A. Degree (CCSS – Reg./Supple./Improve.) Examination, May 2016**

**CORE COURSE IN MALAYALAM**

**6B 13 MAL : ഭാഷാചരിത്രം, അലങ്കാരം, വൃത്തം**

**(2012 Admn. Onwards)**

Time : 3 Hours                                                                 Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് **1**.     **(4×1=4 വെയിറ്റേജ്)**

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

   എ) അർത്ഥശാസ്ത്രത്തിന്റെ ആദ്യ മലയാള വിവർത്തനമേത് ?

   ബി) പാട്ടുസാഹിത്യത്തിലെ പ്രഥമകൃതി ഏത് ?

   സി) കണ്ടുകിട്ടിയതിൽ ഏറ്റവും പഴക്കമുള്ള കേരളീയ ശാസനം ഏത് ?

   ഡി) ഭാസ്കരരവിയുടെ 47-ാം ഭരണവർഷത്തിൽ എഴുതപ്പെട്ട ലിഖിതമേത് ?

2) ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

   എ) താഴെപ്പറയുന്നവയിൽ കിളിപ്പാട്ട് വൃത്തം ഏത് ?
   (തരംഗിണി, സ്രഗ്ദ്ധര, കേക, മല്ലിക)

   ബി) താഴെപ്പറയുന്നവയിൽ മാധവപ്പണിക്കർ ഭാഷയിലേക്ക് വിവർത്തനം ചെയ്ത കൃതി ഏത് ?
   (രാമായണം, ഭാരതം, ഭഗവത്ഗീത, തിരുനിഴൽമാല)

   സി) ഭാഷയും വിഭക്ത്യന്ത സംസ്കൃതപദവും ചേർന്ന പ്രസ്ഥാനമേത് ?
   (പാട്ട്, ഭാഷാമിശ്രം, മണിപ്രവാളം, നമ്പ്യാന്തമിഴ്)

   ഡി) മിഷണറി ഗദ്യത്തിന് മാതൃകയല്ലാത്ത കൃതിയേത് ?
   (ജ്ഞാനമുത്തുമാല, വർത്തമാനപ്പുസ്തകം, സംക്ഷേപവേദാർത്ഥം, ബ്രഹ്മാണ്ഡപുരാണം)

P.T.O.

3) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

എ) കേരളഭാഷയുടെ വികാസപരിണാമങ്ങൾ

ബി) A comparative grammar of the Dravidian or South-Indian family of languages

സി) വൃത്തവിചാരം

ഡി) കണ്ണശ്ശഭാരതം

4) പൂരിപ്പിക്കുക.

എ) ________ സാഖ്യ

മപ്രസ്തുതമുരസ്സതാൻ

ബി) നിഗിര്യാധ്യവസാനം താൻ

________ യാം

സി) രം നരം ല ഗുരുവും ________

ഡി) ദ്വിമാത്രം ഗണമെട്ടെണ്ണം യതിമദ്ധ്യം ________

5) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) രാജശേഖര ചക്രവർത്തി | എ) അവിട്ടത്തൂർ ശാസനം |
| ബി) മെനേസിസ് | ബി) വാഴപ്പള്ളി ശാസനം |
| സി) കരുനന്തടുക്കൻ | സി) ഉദയമ്പേരൂർ സൂനഹദോസ് |
| ഡി) കോതരവി | ഡി) പാർത്ഥിവപുരം ശാല |

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4x1=4 വെയിറ്റേജ്)**

6) 'അർത്ഥാപത്തി' എന്ന അലങ്കാരത്തിന് ലക്ഷണമെഴുതി ഉദാഹരിക്കുക.

7) 'യമകം' എന്നാലെന്ത് ?

8) 'മന്ദാക്രാന്ത'യ്ക്ക് ഉദാഹരണമെഴുതി ഗണം തിരിക്കുക.

9) 'മഞ്ജരി'യുടെ ലക്ഷ്യലക്ഷണങ്ങൾ എഴുതുക.

10) ശാസനഭാഷ ഭാഷാചരിത്രരചനക്ക് കൂടുതൽ സഹായകമാണെന്ന് പറയാനുള്ള കാരണമെന്ത് ?

11) പാതിരി ഭാഷയുടെ പ്രത്യേകതകൾ കുറിക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5x2=10 വെയിറ്റേജ്)**

12) പാട്ടുഭാഷയുടെ പ്രത്യേകതകൾ രാമചരിതത്തെ മുൻനിർത്തി സംഗ്രഹിച്ചെഴുതുക.

13) മലയാളഗദ്യത്തിന്റെ ആദ്യകാലമാതൃകകളെക്കുറിച്ച് എഴുതുക.

14) എഴുത്തച്ഛന്റെ ഭാഷയുടെ സ്വഭാവം വിശദീകരിക്കുക.

15) സമകാലിക മലയാളത്തിൽ ഇംഗ്ലീഷ് ചെലുത്തുന്ന സ്വാധീനം പരിശോധിക്കുക.

16) ഭാഷാകൗടലീയത്തിന് മലയാള ഭാഷാപഠനത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.

17) രൂപകവും ഉത്പ്രേക്ഷയും തമ്മിൽ താരതമ്യം ചെയ്യുക.

18) 'പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിന്റെ വഴിക്കുതാൻ' – വിശദീകരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .

**(3x4=12 വെയിറ്റേജ്)**

19) കുന്തൽവാദം സംഗ്രഹിച്ച് മലയാള ഭാഷാപഠനത്തിൽ അതിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.

20) മലയാളഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള മതഭേദങ്ങൾ വിശദീകരിക്കുക.

21) മലയാളത്തിലെ അന്യഭാഷാസ്വാധീനത്തെക്കുറിച്ച് ഉപന്യസിക്കുക.

22) മണിപ്രവാളകൃതികളിലെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

23) അലങ്കാരങ്ങളും വൃത്തങ്ങളും കവിതയിൽ അനിവാര്യങ്ങളായ ഘടകങ്ങളാണോ യെന്ന് ചർച്ച ചെയ്യുക.

______________